# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## കവളങ്ങാട് ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2021-2022


കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030

ഇ-മെയിൽ: doekm.ksad@kerala.gov.in

ഫോൺ : 0484-2422271

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട സഹിതം)

നമ്പർ: കെ.എസ്.എ-ഇ.കെ.എം -പി 7-1886/22

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030
തീയ്യതി: 08/02/2023
ഇ-മെയിൽ:
doekm.ksad@kerala.gov.in
ഫോൺ: 0484-2422271

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കവളങ്ങാട് ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : കവളങ്ങാട് ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കവളങ്ങാട് ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-

പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, എറണാകുളം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ-ഇ.കെ.എം -പി 7-1886/22

തീയ്യതി: 08/02/2023

## എറണാകുളം ജില്ലയിലെ കവളങ്ങാട് ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

**(1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18, (1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4))** എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

എറണാകുളം ജില്ലയിലെ കവളങ്ങാട് ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2021 മുതൽ 31-03-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 38 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 25 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 38 അന്വേഷണക്കുറിപ്പുകൾ നൽകിയെങ്കിലും മറുപടി ലഭ്യമായിട്ടില്ല.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയത് (വരെ) |
|---|---|---|---|

| | | | |
|---|---|---|---|
| ശ്രീമതി.ബിന്ദു.എസ്.നായർ | ഡെപ്യൂട്ടി ഡയറക്ടർ | 14-10-2022 | 22-10-2022 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| **തീയതി (മുതൽ)** | **തീയതി (വരെ)** |
|---|---|
| 14-10-2022 | 22-10-2022 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

ശ്രീ.പോളി റ്റി.ഒ, ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ)
ശ്രീ.റഷീദ് സി.എം, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ.വിജു എം.എസ്, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ.പ്രവീൺ വി.എൻ, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ.കിരൺ കെ.എസ്, ഓഡിറ്റർ

**(ബി)നിർവഹണാധികാരികൾ**

| **പേര്** | **ഔദ്യോഗിക പദവി** | **തീയതി (മുതൽ)** | **തീയതി (വരെ)** |
|---|---|---|---|
| ശ്രീ.സൈജന്റ് ചാക്കോ | പ്രസിഡന്റ് | 01-04-2021 | 31-03-2022 |
| ശ്രീമതി.റീന റാഫേൽ | സെക്രട്ടറി | 01-04-2021 | 21-04-2022 |
| ശ്രീമതി.ഷീജ.റ്റി.ആർ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 22-04-2021 | 04-05-2021 |
| ശ്രീമതി.റീന റാഫേൽ | സെക്രട്ടറി | 05-05-2021 | 30-06-2021 |
| ശ്രീമതി.ഷാജിത ബീഗം | സെക്രട്ടറി | 01-07-2021 | 10-09-2021 |
| ശ്രീ.മൈതീൻ.എ.ബി | സെക്രട്ടറി-ഇൻ-ചാർജ്ജ് | 11-09-2021 | 20-09-2021 |
| ശ്രീമതി.ഷാജിത ബീഗം | സെക്രട്ടറി | 21-09-2021 | 01-10-2021 |

| | | | |
|---|---|---|---|
| ശ്രീ.മൈതീൻ.എ.ബി | സെക്രട്ടറി-ഇൻ-ചാർജ്ജ് | 02-10-2021 | 21-10-2021 |
| ശ്രീമതി.ഷാജിത ബീഗം | സെക്രട്ടറി | 22-10-2021 | 17-11-2021 |
| ശ്രീ.മൈതീൻ.എ.ബി | സെക്രട്ടറി-ഇൻ-ചാർജ്ജ് | 18-10-2021 | 29-12-2021 |
| ശ്രീ.കൃഷ്ണൻകുട്ടി | സെക്രട്ടറി | 30-12-2021 | 31-03-2022 |

**<u>നിർവ്വഹണഉദ്യോഗസ്ഥർ</u>**

| **പേര്** | **ഉദ്യോഗപ്പേര്** |
|---|---|
| ശ്രീമതി.ലാലു.ഇ.ബി | അസി.എഞ്ചിനീയർ |
| ശ്രീ.മനോജ്.ഇ.എം | കൃഷി ഓഫീസർ |
| ശ്രീ.സജി.കെ.എം | കൃഷി ഓഫീസർ |
| ഡോ.ലുസീന ജോസഫ് | മെഡിക്കൽ ഓഫീസർ.പി.എച്ച്.സി |
| ഡോ.രാജേശ്വരി | വെറ്റിനറി സർജൻ |
| ഡോ.ലാൽജി മാത്യു | വെറ്റിനറി സർജൻ |
| ഡോ.അജി.കെ.എസ് | മെഡിക്കൽ ഓഫീസർ.ആയ്യൂർവേദം |
| ഡോ.പ്രദീപ്.കെ.ആർ | മെഡിക്കൽ ഓഫീസർ.ഹോമിയോ |
| ശ്രീ.വത്സല.കെ.പി | ഹെഡ് മിസ്ട്രസ്.ജി.യു.പി.എസ് തലക്കോട് |
| ശ്രീമതി ബിന്ദു.എ.എസ് | ഐ.സി.ഡി.എസ് സൂപ്പർവൈസർ |
| ശ്രീ.സന്തോൽ്.പി.എം | വി.ഇ.ഒ (നെല്ലിമറ്റം) |

| | |
|---|---|
| ശ്രീമതി.എലിസബത്ത്.സി.ജോർജ്. | ഡയറി എക്സ്റ്റൻഷൻ ഓഫീസർ |

**ഉള്ളടക്കം**


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | അക്കൗണ്ട് പരിശോധന – അപാകതകൾ | 1-2-1 |
| 3 | വാർഷികധനകാര്യപത്രിക | 1-2 |
| 4 | സാമ്പത്തിക വിശകലനം | 1-3 |
| 5 | ഫണ്ട് വിനിയോഗം | 1-4 |
| 6 | പദ്ധതി അവലോകനം | 1-5 |
| 7 | ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി | 1-6 |
| 8 | ക്ഷേമപദ്ധതികൾ | 1-7 |
| 9 | ക്യാഷ് ബാലൻസ് പരിശോധന | 1-8 |
| 10 | ആഭ്യന്തരനിയന്ത്രണം | 1-9 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 12 | ബിൽഡിംഗ് പെർമിറ്റ് ഫീസ് ഈടാക്കിയതിൽ കുറവ് | 1-11 |
| 13 | വാർഡ് തിരിച്ചുള്ള ഡിമാന്റ് രജിസ്റ്റർ സൂക്ഷിക്കുന്നില്ല | 1-12-1 |
| 14 | ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല | 1-12-2 |
| 15 | മരാമത്ത് പ്രവൃത്തികൾ ഏറ്റെടുത്ത് ചെയ്യുന്ന കരാറുകാർ, റേഷൻ കട നടത്തിപ്പുകാർ എന്നിവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല | 1-12-3 |
| 16 | ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയതിൽ കുറവ് | 1-12-4 |
| 17 | സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല | 1-12-5 |
| 18 | തൊഴിൽ നികുതി - അപാകതകൾ | 1-12 |
| 19 | പ്രാഥമിക മേഖലയിലെ കെട്ടിടങ്ങൾക്ക് ദ്വിതീയ മേഖലയിൽ ഉൾപ്പെടുത്തി നികുതി ഇളവ് നൽകി | 1-13-1 |
| 20 | റോഡിന്റെ തരത്തിൽ തെറ്റായി ഇളവ് നൽകി | 1-13-2 |

| | | |
|---|---|---|
| 21 | വസ്തു നികുതി - ചട്ടവിരുദ്ധമായി ഇളവനുവദിച്ചു | 1-13 |
| 22 | നിയമവിരുദ്ധമായി സെക്യൂരിറ്റി ഡെപ്പോസിറ്റ് നല്കി | 1-14 |
| 23 | അനർഹമായി ജി.എസ്.ടി അനുവദിച്ചു | 1-15 |
| 24 | വക്കീൽ ഫീസ്- ആദായ നികുതി ഈടാക്കിയില്ല. | 1-16 |
| 25 | വെള്ളക്കരകുടിശ്ശിക വർദ്ധിക്കുന്നു. | 1-17 |
| 26 | ഹോമിയോ മരുന്നുകൾ ലഭ്യമായിട്ടില്ല | 1-18 |
| 27 | ബിൽഡിംഗ് പെർമിറ്റ് നൽകിയതിലെ അപാകതകൾ | 1-19 |
| 28 | ലൈഫ് ഭവന പദ്ധതി - ഭവനനിർമ്മാണം പൂർത്തീകരിച്ചിട്ടില്ല. | 1-20 |
| 29 | ജി എസ് റ്റി - റ്റി ഡി എസ് കുറവ് ചെയ്തില്ല – 9588 രൂപ അധികം നൽകി. | 1-21 |
| 30 | അക്രഡിറ്റഡ് ഏജൻസികൾ - ടെണ്ടർ നടപടി സ്വീകരിക്കാതെ നിർവ്വഹണത്തിന് തിരഞ്ഞെടുത്തു. | 1-22 |
| 31 | ഖരമാലിന്യ സംസ്കരണ പ്രൊജക്ട് - രേഖകൾ പൂർണ്ണമല്ല - വിശദീകരണം ലഭ്യമാക്കണം | 1-23 |
| 32 | തെരുവ് വിളക്ക് നവീകരണ പ്രൊജക്ട് - നിർവ്വഹണത്തിലെ അപാകതകൾ - 40174 രൂപ അധികം നൽകി. | 1-24 |
| 33 | മിനി മാസ്റ്റ് സ്ഥാപിക്കൽ - കരാർ സ്ഥാപനത്തിന് 40375/- രൂപ അധികം നൽകി. | 1-25 |
| 34 | അഗതികൾക്ക് ഭക്ഷ്യധാന്യം നൽകൽ പ്രൊജക്ട് - രേഖകൾ പൂർണ്ണമല്ല - വിശദീകരണം ലഭ്യമാക്കണം | 1-26 |
| 35 | കുഴൽ കിണർ നിർമ്മാണം - തുടർ നടപടി വിവരം ലഭ്യമാക്കണം. | 1-27 |
| 36 | തെരുവ് വിളക്ക് സ്ഥാപിക്കൽ - പ്രൊജക്ട് നിർവ്വഹണത്തിലെ അപാകതകൾ - വിശദീകരണം ലഭ്യമാക്കണം. | 1-28 |
| 37 | വിനിയോഗ സാക്ഷ്യ പത്രം - ലഭ്യമായില്ല | 1-29 |

| | | |
|---|---|---|
| 38 | റ്റി ഡി എസ് കുറഞ്ഞ നിരക്കിൽ ഈടാക്കി - കരാറുകാരനിൽ നിന്ന് 1690/- രൂപ ഈടാക്കണം | 1-30 |
| 39 | സേവന ഫീസ് - പഞ്ചായത്ത്തല തീരുമാനം എടുക്കണം | 1-31 |
| 40 | പഠനമുറി - നിർമ്മാണം പൂർത്തീകരിച്ചില്ല - തുടർ നടപടി സ്വീകരിക്കണം | 1-32 |
| 41 | കോവിഡ് - ചെലവ് രേഖകൾ ക്രമപ്രകാരമല്ല – 1405189 രൂപയുടെ ചെലവ് വിവരം ഓഡിറ്റിൽ പരിശോധിക്കാൻ സാധിച്ചില്ല. | 1-33 |
| 42 | പൊതു ശ്മശാനം അറ്റകുറ്റപണി - അംഗീകാരം ഇല്ലാതെ ചെയ്ത പ്രവൃത്തി – തുക തടസ്സപ്പെടുത്തുന്നു. | 1-34 |
| 43 | അധികം കമ്പി ഉപയോഗിച്ചത് അംഗീകരിക്കുന്നില്ല. | 1-35 |
| 44 | പൊട്ടിച്ചെടുത്ത കല്ലിന്റെ വിശദാംശങ്ങളോ വിനിയോഗമോ ലഭ്യമല്ല. | 1-36 |
| 45 | ഓഡിറ്റ് ഇംപാക്റ്റ് | 1-37 |
| **ഭാഗം 2** | | |
| 1 | ബിൽഡിംഗ് പെർമിറ്റ് ഫീസ് ഈടാക്കിയതിൽ കുറവ് | 2-1 |
| **ഭാഗം 3** | | |
| 1 | മിനി മാസ്റ്റ് സ്ഥാപിക്കൽ - കരാർ സ്ഥാപനത്തിന് 40375 രൂപ അധികം നൽകി. | 3-1 |
| 2 | തെരുവ് വിളക്ക് നവീകരണ പ്രൊജക്റ്റ് - നിർവ്വഹണത്തിലെ അപാകതകൾ - 40174 രൂപ അധികം നൽകി. | 3-2 |
| **ഭാഗം 4** | | |
| 1 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയ വിവരം | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |

| | | |
|---|---|---|
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരങ്ങൾ | 4-4 |
| 5 | വായ്പ/വായ്പ തിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കുന്നതിന് അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-11 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

## ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ്

2021-2022 സാമ്പത്തിക വർഷത്തെ ബജറ്റ് 12.02.2021 തീയതിയിലെ 3(1)-ാം നമ്പർ പ്രകാരം അംഗീകരിച്ചു. പുതുക്കിയ ബജറ്റ് 23.02.2022 തീയതിയിലെ 4(1)- ാം നമ്പർ പ്രകാരം അംഗീകരിച്ചിട്ടുണ്ട്.

2021-2022 ബജറ്റ്, പുതുക്കിയ ബജറ്റ് പ്രകാരമുള്ള വരവ് ചെലവ് കണക്കുകൾ താഴെ ചേർ

| | ബജറ്റ് പ്രകാരം | പുതുക്കിയ ബജറ്റ് പ്രകാരം |
|---|---|---|
| പ്രാരംഭ ബാക്കി | 29224317 | 12122227 |
| വരവ് | 339288924 | 339847018 |
| ആകെ | 368513241 | 351969245 |
| ചെലവ് | 363242320 | 337220414 |
| നീക്കിയിരിപ്പ് | 5270921 | 14748831 |

| | 2021– 2022 പുതുക്കിയ ബജറ്റ് പ്രകാരം | 2021– 2022 വാർഷിക ധനകാര്യപത്രിക ( റസീപ്റ്റ് & പേയ്മന്റ് ) പ്രകാരം | വ്യത്യാസം |
|---|---|---|---|
| വരവ് | 33,98,47,018 | 10,89,20,905 | 23,09,26,113 |
| ചെലവ് | 33,72,20,414 | 9,94,00,661 | 23,78,19,753 |

ബജറ്റ് പ്രകാരമുള്ള വരവ് , ചെലവും വാർഷിക ധനകാര്യപത്രിക പ്രകാരമുള്ള വരവ് ഗണ്യമായ വ്യത്യാസം കാണുന്നു.ബജറ്റ് തയ്യാറാക്കുമ്പോൾ പ്രതീക്ഷിത വരവ് യുക്തിസഹമാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

### 1-2-1 അക്കൗണ്ട് പരിശോധന – അപാകതകൾ

ബാലൻസ് ഷീറ്റിലെ B-15 ഷെഡ്യൂൾ പ്രകാരം Receivable For Other Fee (Current) 79,900/- രൂപ കുടിശ്ശികയായി രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ I &E സ്റ്റേറ്റ്മെന്റിൽ 'O

എന്ന ഹെഡിൽ പ്രസ്തുത തുക Demand ആയി രേഖപ്പെടുത്തിയിട്ടില്ല. ആയത് ഏത് ഇ
കുടിശ്ശിക തുകയാണെന്ന് വ്യക്തമാക്കേണ്ടതാണ്.

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2022 | 07.06.2022 | - | - |

1-2-1 അക്കൗണ്ട് പരിശോധന – അപാകതകൾ

ബാലൻസ് ഷീറ്റിലെ B-15 ഷെഡ്യൂൾ പ്രകാരം Receivable For Other Fee (Current) ഇ
79900/- രൂപ കുടിശ്ശികയായി രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ I &E സ്റ്റേറ്റ്മെന്റിൽ 'Ot
എന്ന ഹെഡിൽ പ്രസ്തുത തുക Demand ആയി രേഖപ്പെടുത്തിയിട്ടില്ല. ആയത് ഏത് ഇ
കുടിശ്ശിക തുകയാണെന്ന് വ്യക്തമാക്കേണ്ടതാണ്.

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 2,75,69,850 |
| ഓഡിറ്റ് വർഷത്തെ വരവ് | 10,89,20,905 |
| ആകെ | 13,64,90,755 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 9,94,00,661 |
| നീക്കിയിരിപ്പ് | 3,70,90,094 |
| വരവിനങ്ങളിലുള്ള നഷ്ടം | 3,000 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 64,084 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 25,87,640 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | അലോട്ട്മെന്റ് പ്രകാരം വരവ് | ആകെ | ചെലവ് | നീക്കി യിരുപ്പ് | ചെലവഴി ക്കാതെ ലാപ്സായ തുക |
|---|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 0 | 18938000 | 18938000 | 18938000 | 0 | 0 |
| വികസന ഫണ്ട് (എസ്.സി.പി) | 0 | 6359000 | 6359000 | 5442205 | 0 | 916795 |
| വികസനഫണ്ട് (ടി.എസ്.പി) | 0 | 441000 | 441000 | 358818 | 0 | 82182 |
| സംരക്ഷണ ഗ്രാന്റ് (റോഡ് ) (ACR പ്രകാരം) | 0 | 24588000 | 24588000 | 10076407 | 0 | 14511593 |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) (ACR പ്രകാരം) | 0 | 8991541 | 8991541 | 5114818 | 0 | 3876723 |
| ധനകാര്യ കമ്മീഷൻ അവാർഡ് ( Tied) | 0 | 12241977 | 12241977 | 3285957 | 8956020 | 0 |

| | | | | | | |
|---|---|---|---|---|---|---|
| ധനകാര്യ കമ്മീഷൻ അവാർഡ് (Un Tied) | 0 | 4277064 | 4277064 | 1834821 | 2442243 | 0 |
| **കേന്ദ്രാവിഷ്കൃതഫണ്ട്-** | | | | | | |
| എസ്.എൽ.ഡബ്ല്യു എം ഗ്രാന്റ് (സ്വച്ച് ഭാരത് മിഷൻ) (320100203) | 102997 | 0 | 102997 | 102997 | 0 | |
| സമ്പൂർണ്ണ ശുചിത്വം (320300103) | 2134132 | 240000 | 2374132 | 2374132 | 0 | |
| ICDS- 320 100 125 | 1454910 | 2958872 | 4413782 | 4413782 | 0 | 0 |
| ഒ.ഡി.എഫ് സെൻട്രൽ ഷെയർ | 1362369 | 0 | 0 | 0 | 1362369 | 0 |
| **സംസ്ഥാനാവിഷ്കൃതഫണ്ട്-** | | | | | | |
| ലൈഫ് -സംസ്ഥാന വിഹിതം (320200399) | 1820000 | 1120000 | 2940000 | 2900000 | 40000 | |
| ശുചിത്വ മിഷൻ ഫണ്ട് (320200322) | 217638 | 180000 | 397638 | 360000 | 37638 | |
| സാക്ഷരത | 14404 | 393 | 14797 | 0 | 14797 | |
| വിമുക്തി, ഇലക്ഷൻ ഗ്രാന്റ്, കില ട്രെയിനിംഗ് (320300100) | 39556 | 1400643 | 1440199 | 1396128 | 44071 | |

വികസന ഫണ്ടിൽ നിന്ന് ജി.ഒ പ്രൊജക്ട് വഴി 12,85,600/- രൂപ ചെലവഴിച്ചിട്ടുണ്ട്.
വികസന ഫണ്ട് SCP യിൽ നിന്ന് ജി.ഒ പ്രൊജക്ട് വഴി 88,000/- രൂപയും 316492/- രൂപ ക്യാപിറ്റൽ കോൺട്രിബ്യൂഷനിലായും ചെലവഴിച്ചിട്ടുണ്ട്.

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർ

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | പൂർണ്ണമായി നടപ്പാക്കിയത് (എണ്ണം) | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|---|
| 232 | 273283229 | 189 | 82983242 | 149 | 40 | 43 | 64.22% |

## 1-6 ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 39003 | 536026 | 575029 | 557263 | 17766 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 0 | 17503150 | 17503150 | 17503150 | 0 |
| ആകെ | 39003 | 18039176 | 18078179 | 18060413 | 17766 |

## 1-7 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 1,19,89,200 | 790 |
| വിധവാപെൻഷൻ | 1,82,34,700 | 1202 |
| വാർദ്ധക്യകാലപെൻഷൻ | 2,93,02,200 | 2098 |
| വികലാംഗപെൻഷൻ | 55,55,900 | 372 |

| | | |
|---|---|---|
| 50 വയസ്സ് കഴിഞ്ഞ അവിവാഹിതകൾക്കുള്ള ധനസഹായം | 10,36,800 | 68 |
| വിവാഹധനസഹായം | 4,50,000 | 15 |
| തൊഴിൽ രഹിത വേതനം | 0 | 0 |

## 1-8 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ( പരിശോധന 18.10.2022 തീയതിയിൽ സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുക പരിശോധനയിൽ 18137/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണം

ഗ്രാമപഞ്ചായത്തുകളിൽ സുതാര്യവും ജനകീയവും വികസനപരവുമായ പ്ര സാധ്യമാക്കുവാൻ ആഭ്യന്തര നിയന്ത്രണവും ഭരണ നിർവ്വഹണവും കാര്യക്ഷമമാക്കു തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 02.7.2009 ലെ 123/09 നമ്പർ ഉത്തരവ് പ്രകാരം നില ഫ്രണ്ട് ഓഫീസ് സംവിധാനം പ്രവർത്തിക്കുന്നു. പഞ്ചായത്തിന്റെ ആഭ്യന്തര ( സംവിധാനം പൊതുവെ തൃപ്തികരമാണെങ്കിലും താഴെ പറയുന്ന അപാകതകൾ ( കാണുന്നു.

1. ഫ്രണ്ട് ഓഫീസിൽ ലഭിക്കുന്ന തപാലുകളുടെ തീർപ്പാക്കൽ വിവരം ( നിരീക്ഷിക്കപ്പെടുന്നതിന് ആവശ്യമായ ഫ്രണ്ട് ഓഫീസ് ഡയറി സൂക്ഷിക്കുന്നു ഫയലുകളുടെ തീർപ്പാക്കൽ വിവരം കൃത്യമായി നിരീക്ഷിക്കുവാൻ നിലവിൽ സാധിക്കുന്ന

2. ഗ്രാമ പഞ്ചായത്തിലെ വിവിധ സെക്ഷനുകൾ നിലവിൽ പേഴ്സണൽ രജിസ്റ്റർ സൂക്ഷ തപാലുകൾ ലഭിക്കുന്നതും അവയുടെ വിതരണവും സംബന്ധിച്ച വിവരങ്ങൾ സൂചികയി ലഭ്യമാണെങ്കിലും അവയുടെ തീർപ്പാക്കൽ വിവരങ്ങൾ പൂർണ്ണമായും സൂചികയിൽ ലഭ്യമാകുന്നില്ല.

3. ഫ്രണ്ട് ഓഫീസിൽ കറണ്ട് ഫയൽ ജനറേറ്റ് ചെയ്യുമ്പോൾ മാത്രമേ നിലവിൽ സൂ എൻട്രി വരുന്നുള്ളൂ. തീർപ്പു കൽപ്പിക്കുന്നതും വെരിഫിക്കേഷനും സംബന്ധിച്ച വ സൂചികയിൽ പ്രതിഫലിക്കുന്നില്ല. ബാക്ക് ഓഫീസ് സംവിധാനം സൂചികയിൽ പൂർണ്ണ പ്രവർത്തിക്കാത്തതിനാൽ ഫയലുകൾ അതത് സെക്ഷനുകളിൽ പെന്റിംഗായി കാണിക്കു

4. ഭരണസമിതി കൈക്കൊള്ളുന്ന തീരുമാനങ്ങൾ നടപ്പാക്കുന്നുണ്ടോ നിരീക്ഷിക്കുന്നതിനായി ഒരു വാച്ച് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

5. ബി.7,ഷെഡ്യൂളിൽ കാലഹരണപ്പെട്ട ഡെപ്പോസിറ്റുകൾ ഉണ്ടെങ്കിൽ ആയത് പ ഫണ്ടിലേക്ക് മുതൽക്കൂട്ടുന്നതിനാവശ്യമായ സമയോചിതമായ നടപടികൾ കൈക്കൊള്ളേ

6. എഗ്രിമെന്റ് രജിസ്റ്ററിൽ ആവശ്യമായ രേഖപ്പെടുത്തലുകൾ വരുത്തുന്നില്ല.

**7. മോണിട്ടറിങ്ങ്**

വാർഷിക പദ്ധതിയിലുൾപ്പെട്ട പ്രോജക്ടുകളുടെ നിർവ്വഹണത്തിന്റെ വിജയം കാ ഫലപ്രദവുമായ മോണിട്ടറിങ്ങ് സംവിധാനത്തിൽ അധിഷ്ഠിതമാണ്. പ്രോ നിർവ്വഹണത്തെയും നിർവ്വഹണ ഉദ്യോഗസ്ഥനെയും സഹായിക്കുന്ന പ്രവർ മോണിട്ടറിങ്. ആദ്യം മുതൽ അവസാനം വരെ പ്രോജക്ടുകളുടെ നിർവ്വഹണം ചെയ്തതരത്തിൽ തന്നെ പുരോഗമിക്കുന്ന എന്ന് ഉറപ്പാക്കുന്ന നിരന്തരമായ വില പരിശോധനയുമാണ് മോണിട്ടറിങ്ങിലൂടെ സാധ്യമാകുന്നത്. മോണിട്ടറിങ്ങ് ഉത്തരവാദിത്തം അതാത് വർക്കിങ്ങ് ഗ്രൂപ്പുകൾക്കാണ്. ഓഡിറ്റ് വർഷത്തിൽ പ നടപ്പിലാക്കിയിട്ടുള്ള പ്രോജക്ടുകൾ ഇത്തരത്തിൽ മോണിട്ടറിങ്ങിന് വിധേയമാക്കിയി വിനിയോഗിച്ചിട്ടുണ്ട് എന്ന സ്റ്റേറ്റ്മെന്റാണ് മോണിട്ടറിങ്ങ് റിപ്പോർട്ടായ് പ്രോജക്ടുകളോടൊപ്പവും ചേർത്തിരിക്കുന്നത്. പ്രോജക്ടുകളുടെ ലക്ഷ്യം കൈവരിച്ചിട്ടുണ്ടോ ഒരു മോണിട്ടറിങ്ങ് സമിതിയും വിലയിരുത്തിയിട്ടില്ല.

മേൽ അപാകതകൾ പരിഹരിച്ച് ആഭ്യന്തര നിയന്ത്രണ സ കാര്യക്ഷമമാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. ധനകാര്യ കമ്മിറ്റി, വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി എന്നിവയുടെ സത്വര ശ്രദ്ധ ഈ വി ക്ഷണിക്കുന്നു.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 06.08.2019 | 01.06.2019 മുതൽ 31.07.2019 വരെ | 06.08.2019 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 15.01.2014 മുതൽ 18.01.2014 വരെ | 2008-09 മുതൽ 2012-13 വരെ | 12.03.2014 |

## 1-11 ബിൽഡിംഗ് പെർമിറ്റ് ഫീസ് ഈടാക്കിയതിൽ കുറവ്

ജിജി പോൾ, പുതുശ്ശേരിക്കുടിയിൽ, നെല്ലിമറ്റം പി.ഒ എന്ന വ്യക്തി പെട്രേ നിർമ്മിക്കുന്നതിനായി അപേക്ഷയോടൊപ്പം സമർപ്പിച്ചിട്ടുള്ള കെട്ടിടത്തിന്റെ കെട്ടിടത്തിന്റെ ആകെ നിർമ്മിത വിസ്തൃതി (Built Up Area) രേഖപ്പെടുത്തിയിരിക്കുന്നത് മീറ്ററാണ്. എന്നാൽ പ്രസ്തുത കെട്ടിടത്തിന്റെ 300 ച.മീറ്റർ കനോപ്പി (Canopy)

കണക്കാക്കാതെ 60.16 ച.മീ ഏരിയക്ക് മാത്രമായി 602/- രൂപ (രസീത് നമ്പർ 1210 01.12.2021) പെർമിറ്റ് ഫീസ് ഈടാക്കിയാണ് സെക്രട്ടറി 01.12.2021 ൽ K2-BA(300287) 2 ബിൽഡിംഗ് പെർമിറ്റ് അനുവദിച്ചിട്ടുള്ളത്. സർക്കാർ ഉത്തരവിന് വിരുദ്ധമായി കനോപ്പി ഏരിയ കണക്കാക്കാതെ പെർമിറ്റ് ഫീസ് ഈടാക്കിയതിൽ 3000/- രൂപയു സംഭവിച്ചിട്ടുണ്ട്. ഇതു സംബന്ധിച്ച വിശദ വിവരം 2-1 ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

## 1-12-1 വാർഡ് തിരിച്ചുള്ള ഡിമാന്റ് രജിസ്റ്റർ സൂക്ഷിക്കുന്നില്ല

1994 ലെ കേരള പഞ്ചായത്ത്‌രാജ് നിയമം വകുപ്പ് 205 ഐ , 1996 ലെ കേരള പഞ്ചാ (തൊഴിൽ നികുതി ചട്ടങ്ങൾ) ചട്ടം 18(2) എന്നിവ പ്രകാരം പഞ്ചായത്ത് പ പ്രവർത്തിക്കുന്ന ഓരോ സ്ഥാപനത്തിനും പ്രത്യേകം പേജുകൾ അനുവദിച്ചുകൊണ്ട തിരിച്ചുള്ള ഒരു ഡിമാന്റ് രജിസ്റ്റർ (ഫോറം 5) സൂക്ഷിക്കേണ്ടതാണ്. പ്രസ്തുത സൂക്ഷിക്കുന്നത് സംബന്ധിച്ച മുൻ വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടിലെ നിർദ്ദേശങ്ങൾ വരുത്തിയിട്ടില്ല. പഞ്ചായത്തിൽ സാംഖ്യ അക്കൌണ്ട് പ്രകാരം തൊഴിൽ നികു സ്ഥാപനങ്ങൾ മാത്രം ഉൾക്കൊള്ളുന്ന ഒരു രജിസ്റ്ററാണ് ഓഡിറ്റിന് ഹാജരാക്കിയത്. ആ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന എല്ലാ സ്ഥാപനങ്ങളും സ്ഥാപന തൊഴിൽ ജീവനക്കാരുടെ തൊഴിൽ നികുതിയും അടച്ചിട്ടുണ്ടോ എന്ന് ഉറപ്പിക്കാനായിട്ടില്ല.

## 1-12-2 ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

I)ലൈസൻസ് രജിസ്റ്റർ പ്രകാരം 2021-22 സാമ്പത്തിക വർഷത്തിൽ ഗ്രാമപഞ്ചായത്തി 272 സ്ഥാപനങ്ങൾക്ക് ലൈസൻസ് അനുവദിച്ചതായി കാണുന്നു. ലൈസൻസ് അനു സ്ഥാപനങ്ങളിലും കൂടുതൽ ജീവനക്കാർ ഉള്ളതായി ലൈസൻസ് അപേക്ഷയിൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ജീവനക്കാരുടെ തൊഴിൽ നികുതി തൊഴിലുടമ മുഖേന ചെയ്ത് ഈടാക്കിയതായി കാണുന്നില്ല. ഏതാനും ഉദാഹരണം ചുവടെ ചേർക്കുന്നു.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | ലൈസൻസിയുടെ പേര് | അപേക്ഷ പ്രകാരമുള്ള ജീവനക്കാരുടെ എണ്ണം | ലൈസൻസ് നം. |
|---|---|---|---|---|
| 1 | സൂപ്പർ ഹൈഡ്രോളിക് ബ്രിക്സ് | പ്രസന്ന ബാബു | 6 | 154/21-22 |
| 2 | സൂപ്പർ ഹൈഡ്രോളിക് ടൈൽസ് | അരുൺ ബാബു | 12 | 155/21-22 |
| 3 | ആദിത്യൻ ഗോൾഡ് വർക്സ് | അനിൽ പി.കെ | 5 | 181/21-22 |
| 4 | ബ്രദേഴ്സ് ഓട്ടോ ഫ്യൂവൽസ് | മറിയ കുര്യൻ | 7 | 117/21-22 |
| 5 | നമത ഓയിൽ മിൽ | വി.പി സരോജിനി | 5 | 118/21-22 |
| 6 | മഹിമ എക്സ്പോർട്ട്സ് | സിന്ധു പ്രേമൻ | 6 | 119/21-22 |

| | | | | |
|---|---|---|---|---|
| 7 | ഐ ഡെൽ സ്റ്റീൽ ഫാബ്രിക്കേഷൻ & ഗ്ലാസ് സൊല്യൂഷൻസ് | അരുൺ വി. ആർ | 4 | 148/21-22 |
| 8 | ജി. ഹോം ഇന്റീരിയേഴ്സ് | സിജ്ജ ടി.എസ് | 6 | 23/21-22 |
| 9 | എ.റ്റി.എൻ അസോസിയേറ്റ്സ് | കുമാരി ബാലകൃഷ്ണൻ | 4 | 22/21-22 |
| 10 | കോതമംഗലം അഗ്രികൾച്ചർ പ്രൊഡക്ട്സ് കമ്പനി ലിമിറ്റഡ് | ചെയർമാൻ, ജോർജ്ജ് തോമസ്, മങ്ങാട്ട് | 6 | 18/21-22 |
| 11 | പ്രീമിയം ഫുഡ് ഇൻഡസ്ട്രീസ് | റ്റിറ്റോ തങ്കച്ചൻ | 5 | 6/21-22 |
| 12 | ഡയമണ്ട് വിനീർസ് & പ്ലൈവുഡ് | എൻ.കെ മുഹമ്മദ് & ഷൌക്കത്തലി എൻ.എം | 8 | 5/21-22 |
| 13 | വാസ്തുശില്പ ഫർണിച്ചർ | സിനു ടി.എസ് | 5 | 3/21-22 |
| 14 | വാസ്തുശില്പ ടിംബേഴ്സ് | സിനു ടി.എസ് | 5 | 2/21-22 |

Ii)പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന താഴെ പറയുന്ന സ്ഥാപനങ്ങളിലെ ജീവ
നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | ഈടാക്കേണ്ട അർദ്ധ വർഷം |
|---|---|---|
| 1 | ആവോലിച്ചാൽ ക്ഷീരോൽപാദക സഹകരണ സംഘം | I &II |
| 2 | നേര്യമംഗലം ക്ഷീരോൽപാദക സഹകരണ സംഘം | I &II |
| 3 | തലക്കോട് ക്ഷീരോൽപാദക സഹകരണ സംഘം | I &II |
| 4 | പെരുമണ്ണൂർ ക്ഷീരോൽപാദക സഹകരണ സംഘം | I &II |
| 5 | നെല്ലിമറ്റം ക്ഷീരോൽപാദക സഹകരണ സംഘം | II |
| 6 | കുത്തുകുഴി ക്ഷീരോൽപാദക സഹകരണ സംഘം | I &II |
| 7 | പെരിയാർ ക്ഷീരോൽപാദക സഹകരണ സംഘം | I &II |
| 8 | അക്ഷയ ഇ കേന്ദ്രം, നെല്ലിമറ്റം | I &II |
| 9 | അക്ഷയ ഇ കേന്ദ്രം, നേര്യമംഗലം | I &II |

| | | |
|---|---|---|
| 10 | സ്മാർട്ട് ഫ്യൂവൽസ്, ഊന്നുകൽ | II |
| 11 | റ്റോഡി ഷോപ്പ് , T S നം.12, മണിമരുതുംചാൽ | I |

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ടിലെ 205(ബി) പ്രകാരം സെക്രട്ട സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നതിനുള്ള നൽകേണ്ടതും ആയത് ഈടാക്കി രേഖകൾ ഓഡിറ്റിന് ഹാജരാക്കേണ്ടതുമാണ്.

## 1-12-3 മരാമത്ത് പ്രവൃത്തികൾ ഏറ്റെടുത്ത് ചെയ്യുന്ന കരാറുകാർ, റേഷൻ കട നടത്തി എന്നിവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

പഞ്ചായത്തിന്റെ മരാമത്ത് പ്രവൃത്തികൾ ഏറ്റെടുത്ത് ചെയ്യുന്ന കരാറുകാർ, പഞ്ചായത്ത് പ പ്രവർത്തിക്കുന്ന റേഷൻകട നടത്തിപ്പുകാർ എന്നിവരിൽ നിന്നും നിന്നും തൊഴിൽ ഈടാക്കിയതായി കാണുന്നില്ല.

2021-22 സാമ്പത്തിക വർഷത്തെ എഗ്രിമെന്റ് രജിസ്റ്റർ പ്രകാരമുള്ള കരാറുകാരുടെ വിവ ചേർക്കുന്നു.

| ക്രമ നം. | 2021-22 സാമ്പത്തിക വർഷത്തിൽ ഗ്രാമപഞ്ചായത്ത് പ്രവൃത്തികൾ ഏറ്റെടുത്ത കരാറുകാരുടെ പേര് |
|---|---|
| 1 | ഷെഫീക്ക് കെ.ഐ |
| 2 | മുഹമ്മദ് ഷാഫി |
| 3 | തുളസീധരൻ പിള്ള |
| 4 | ഷാജി കെ.ആർ |
| 5 | എ.ആർ ശിവശങ്കരൻ |
| 6 | മഹേഷ് കെ.പി |
| 7 | സിൽക്ക് സ്റ്റീൽ ഇൻഡസ്ട്രിയൽ ലിമിറ്റഡ് |

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ടിലെ 205(ബി) പ്രകാരം സെക്രട്ട സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നതിനുള്ള നൽകേണ്ടതും ആയത് ഈടാക്കി രേഖകൾ ഓഡിറ്റിന് ഹാജരാക്കേണ്ടതുമാണ്.

## 1-12-4 ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയതിൽ കുറവ്

2021-22സാമ്പത്തിക വർഷത്തിലെ താഴെ പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരുടെ നികുതി ഈടാക്കിയതിൽ കുറവ് കാണുന്നു. പ്രസ്തുത ജീവനക്കാരിൽ നിന്നും തൊഴിൽ ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

| ക്രമ നം | സ്ഥാപനം | ജീവനക്കാരന്റെ പേര് | അർദ്ധ വർഷം | റിട്ടേൺ പ്രകാരം ആകെ അർദ്ധവാർഷിക വരുമാനം | ഈടാക്കിയ നികുതി | ഈടാക്കേണ്ടത് | കുറവ് |
|---|---|---|---|---|---|---|---|
| 1 | ജി.യു.പി.എസ് നേര്യമംഗലം | ജമീല എസ്.കെ | I | 81166 | 600 | 750 | 150 |

| | | | | | | | |
|---|---|---|---|---|---|---|---|
| 2 | എവർവൺ പ്രോപ്പർട്ടീസ് (ഐ) പ്രൈ.ലി. പരീക്കണ്ണി | ജി.സൂര്യ | I | 48000 | 300 | 450 | 150 |
| | | ഭഗവാൻ | | 48000 | 300 | 450 | 150 |
| | | ഗീത | | 46800 | 300 | 450 | 150 |
| | | അനിത | | 46800 | 300 | 450 | 150 |
| | | ജി.സൂര്യ | II | 48000 | 300 | 450 | 150 |
| | | ഭഗവാൻ | | 48000 | 300 | 450 | 150 |
| | | ഗീത | | 46800 | 300 | 450 | 150 |
| | | അനിത | | 46800 | 300 | 450 | 150 |
| | | | | **ആകെ കുറവ്** | | | **1350** |

## 1-12-5 സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന താഴെ പറയുന്ന സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയതായി കാണുന്നില്ല. ആയത് ഈടാക്കി ഒ അറിയിക്കേണ്ടതാണ്.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | ഈടാക്കേണ്ട അർദ്ധ വർഷം |
|---|---|---|
| 1 | ബി എസ് എൻ എൽ, കവളങ്ങാട് (തൊഴിൽ നികുതി രജിസ്റ്ററിലെ ക്രമ നം. 20) | I &II |
| 2 | മാർ ബസേലിയോസ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി & സയൻസ്, നെല്ലിമറ്റം | II |
| 3 | ആക്സാ സെയ്ഫ് ഗെയിൻ നിധി ലിമിറ്റഡ് | I |
| 4 | ആവോലിച്ചാൽ ക്ഷീരോൽപാദക സഹകരണ സംഘം | I &II |
| 5 | നേര്യമംഗലം ക്ഷീരോൽപാദക സഹകരണ സംഘം | I &II |
| 6 | തലക്കോട് ക്ഷീരോൽപാദക സഹകരണ സംഘം | I &II |
| 7 | പെരുമണ്ണൂർ ക്ഷീരോൽപാദക സഹകരണ സംഘം | I &II |
| 8 | കുത്തുകുഴി ക്ഷീരോൽപാദക സഹകരണ സംഘം | I &II |
| 9 | പെരിയാർ ക്ഷീരോൽപാദക സഹകരണ സംഘം | I &II |
| 10 | അക്ഷയ ഇ കേന്ദ്രം, നെല്ലിമറ്റം | I &II |
| 11 | അക്ഷയ ഇ കേന്ദ്രം, നേര്യമംഗലം | I &II |
| 12 | കവളങ്ങാട് ക്ഷീരോൽപാദക സഹകരണ സംഘം | I &II |

## 1-12 തൊഴിൽ നികുതി - അപാകതകൾ

കവളങ്ങാട് ഗ്രാമപഞ്ചായത്തിലെ 2021-22 സാമ്പത്തിക വർഷത്തെ തൊഴിൽ നികുതി പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ താഴെ പറയുന്നു. പ്രസ്തുത അപ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (33/20.10.2022)മറുപടി ലഭ്യമാക്കിയ

## 1-13-1 പ്രാഥമിക മേഖലയിലെ കെട്ടിടങ്ങൾക്ക് ദ്വിതീയ മേഖലയിൽ ഉൾപ്പെടുത്തി ‹ ഇളവ് നൽകി

2011 ലെ കേരള പഞ്ചായത്ത്‌രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും) ചട്ടങ്ങൾ പഞ്ചായത്ത് പ്രദേശത്തെ പ്രഥമ, ദ്വീതീയ, തൃതീയ മേഖലകളാക്കി തിരിച്ച് നിർണ്ണയിക്കേണ്ടതും പ്രാഥമിക മേഖലയിലെ കെട്ടിടങ്ങൾക്ക് നികുതിയിളവോ വ ഇല്ലായെന്നും, ദ്വീതീയ മേഖലയിലെ കെട്ടിടങ്ങൾക്ക് 10 ശതമാനം നികു തൃതീയമേഖലയിലെ കെട്ടിടങ്ങൾക്ക് 20 ശതമാനം നികുതിയിളവും അനുവദിക്കണ വ്യക്തമാക്കിയിട്ടുള്ളത്. മേൽ ഉത്തരവ് പ്രകാരം പഞ്ചായത്തിലെ ദേശീയപാത 49-ന് ധനുഷ്കോടി റോഡ്) ഇരുവശവും വായുദൂരം 100 മീറ്ററിനുള്ളിൽ വരുന്ന പ്ര പ്രഥമമേഖലയിൽ ഉൾപ്പെടുത്തി 15.12.2011-ലെ 3(22) -ാം നമ്പർ കമ്മറ്റി തീരുമാ പഞ്ചായത്ത് വിജ്ഞാപനം ചെയ്തിട്ടുണ്ട്. എന്നാൽ പഞ്ചായത്ത് വിജ്ഞാപനപ്രകാരം മേഖലയിൽ ഉൾപ്പെടുന്ന സ്ഥലത്ത് നിർമ്മിച്ച താഴെ പറയുന്ന കെട്ടിടത്തിന് മേഖലയിലാണ് സ്ഥിതിചെയ്യുന്നതെന്ന് രേഖപ്പെടുത്തി 10 ശതമാനം നിക നൽകിയിരിക്കുന്നു.

| വാർഡ് നം/ കെട്ടിട നം | ഉടമയുടെ പേര് | വിസ്തീർണ്ണം (ച.മീ)/ നിരക്ക് | നിർണയിച്ച നികുതി അർഹതപ്പെട്ട വർദ്ധന-ഇളവ് ഉൾപ്പടെ | നിർണ്ണയിക്കേണ്ട നികുതി അർഹതപ്പെട്ട വർദ്ധന-ഇളവ് ഉൾപ്പടെ | കുറവ് |
|---|---|---|---|---|---|
| 6/234 A (പാർപ്പിടാവശ്യം) | അമൽ പൌലോസ്, കുന്നമ്മേൽ, നേര്യമംഗലം | 222.73 (4/ച.മീ) | അടിസ്ഥാന വസ്തു നികുതി - 222.73 * 4 = 890.92<br>ഇളവ്(മേഖല-10%) - 89.092<br>വർദ്ധന (റോഡ് - 20%) - 178.184<br>അടിസ്ഥാന വാർഷിക വസ്തു നികുതി = 981<br>LC - 981 * 5% = 50<br>ആകെ നികുതി = 981+50=1031 | അടിസ്ഥാന വസ്തു നികുതി – 222.73 * 4 = 890.92<br>വർദ്ധന (റോഡ് - 20%) = 178.184<br>അടിസ്ഥാന വാർഷിക വസ്തു നികുതി - 890.92+178.184= 1070<br>LC = 1070 * 5% = 54<br>ആകെ നികുതി = 1070 + 54 = 1124 | 93 |

പ്രസ്തുത കെട്ടിടത്തിന്റെ വസ്തുനികുതി പുനർ നിർണ്ണയിച്ച് കുടിശ്ശിക സഹിതം ഈടാം നടപടി സ്വീകരിക്കേണ്ടതും രേഖകൾ ഓഡിറ്റിൽ ലഭ്യമാക്കേണ്ടതുമാണ്.

## 1-13-2 റോഡിന്റെ തരത്തിൽ തെറ്റായി ഇളവ് നൽകി

I) വിൽസൺ ജോൺ, പുൽപ്പറമ്പിൽ, തലക്കോട്, നേര്യമംഗലം എന്നയാളുടെ ( തീയതിയിലെ പെർമിറ്റ് നമ്പർ BA-26751/2021 പ്രകാരം 13-ാം വാർഡിൽ റീസർവ്വേ നന 431, 1130/1326, 1130/1325-ൽ പെട്ട സ്ഥലത്ത് 150.22ച.മീ(താഴത്തെ നില-134.47 ച.മീ+ 15.75 ച.മീ) നിർമ്മിതി വിസ്തീർണ്ണമുള്ള A1 (Residential) ഗണത്തിൽ പെടുന്ന 13/298

കെട്ടിടത്തിന്റെ നികുതി നിർണ്ണയത്തിൽ 3 മീറ്റർ വീതിയുള്ള പ്രൈവറ്റ് റോഡിൽ നിന്നും മാർഗ്ഗം പ്ലാനിൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും സഞ്ചയയിൽ ടി കെട്ടിടത്തിന് 1.5 മീറ്ററേ കുറവോ മീറ്റർ വീതിയുള്ള റോഡിൽ നിന്നും പ്രവേശനമാർഗം എന്ന് രേഖപ്പെടുത്തി 1 നൽകിയിരിക്കുന്നു. വിശദാംശം ചുവടെ ചേർക്കുന്നു.

| | നിർണ്ണയിച്ചിട്ടുള്ളത് @ 4/ച.മീ | നിർണ്ണയിക്കേണ്ടിയിരുന്നത് @4/ച.മീ | കുറവ് |
|---|---|---|---|
| അടിസ്ഥാന വസ്തുനികുതി | 134.47 * 4 =537.88 | 134.47 * 4 =537.88 | |
| ഇളവ്(മേഖല -ദ്വിതീയം)10% | 537.88*10%=53.788 | 537.88*10%=53.788 | |
| ഇളവ്(വഴി സൗകര്യം)10% | 537.88*10%=53.788 | 0 (ഇളവോ വർദ്ധനവോ ഇല്ല) | ഈടാക്കിയതിൽകുറവ് 510 – 453 = 57 |
| അടിസ്ഥാന വാർഷിക വസ്തുനികുതി | 537.88-107.576= 431 | 537.88-53.788= 485 | |
| ലൈബ്രറി സെസ്സ് | 431*5% = 22 | 485*5% =25 | |
| ആകെ നികുതി | 431+22=453 | 485+25=510 | |

li) ജെയ്മോൻ ടി.വി, താഴത്തെപറമ്പേൽ വീട്, തലക്കോട് പി.ഒ, അള്ളുങ്കൽ എന്നയാളുടെ തീയതിയിലെ പെർമിറ്റ് നമ്പർ BA-297768/2019 പ്രകാരം 13-ാം വാർഡിൽ റീസർ 1130/570/2,1130/569 ൽ പെട്ട സ്ഥലത്ത് 211.91ച.മീ (താഴത്തെ നില-96.82 ച.മീ+പോർ ച.മീ+ഒന്നാം നില-87.49ച.മീ) നിർമ്മിതി വിസ്തീർണ്ണമുള്ള A1 (Residential) ഗണത്തിൽ 13/349 A നമ്പർ കെട്ടിടത്തിന്റെ നികുതി നിർണ്ണയത്തിൽ 3 മീറ്റർ വീതിയുള്ള പ റോഡിൽ നിന്നും പ്രവേശന മാർഗ്ഗം പ്ലാനിൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും സഞ്ച കെട്ടിടത്തിന് 1.5 മീറ്ററോ അതിൽ കുറവോ മീറ്റർ വീതിയുള്ള റോഡിൽ നിന്നും പ്രവേ എന്ന് രേഖപ്പെടുത്തി 10% ഇളവ് നൽകിയിരിക്കുന്നു. വിശദാംശം ചുവടെ ചേർക്കുന്നു.

| | നിർണ്ണയിച്ചിട്ടുള്ളത് @ 4/ച.മീ | നിർണ്ണയിക്കേണ്ടിയിരുന്നത് @4/ച.മീ | കുറവ് |
|---|---|---|---|
| അടിസ്ഥാന വസ്തുനികുതി | 184.31 * 4 =737.24 | 184.31 * 4 =737.24 | 698-620=78 |
| ഇളവ്(മേഖല -ദ്വിതീയം)10% | 737.24*10%=73.724 | 737.24*10%=73.724 | |
| ഇളവ്(വഴി സൗകര്യം)10% | 737.24*10%=73.724 | 0 (ഇളവോ വർദ്ധനവോ ഇല്ല) | |
| അടിസ്ഥാന വാർഷിക വസ്തുനികുതി | 737.24-147.448= 590 | 737.24-73.724=664 | |
| ലൈബ്രറി സെസ്സ് | 590*5% = 30 | 664*5% =34 | |

| ആകെ നികുതി | 590+30=620 | 664+34=698 | |
|---|---|---|---|

വസ്തുനികുതി നിർണ്ണയത്തിൽ റോഡിന്റെ തരവുമായി ബന്ധപ്പെട്ട് ശ്രദ്ധയിൽ പെട്ട ഉദാഹരണങ്ങൾ മാത്രമാണ് മുകളിൽ നൽകിയിട്ടുള്ളത്. മേൽപ്പറഞ്ഞതുൾപ്പെടെയുള്ള 2 നികുതി നിർണ്ണയിച്ച സമാന കെട്ടിടങ്ങളുടെ നികുതി നിർണ്ണയം അടിയ പുന:പരിശോധിച്ച് വിവരം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

## 1-13 വസ്തു നികുതി - ചട്ടവിരുദ്ധമായി ഇളവനുവദിച്ചു

വസ്തു നികുതി നിർണയവുമായി ബന്ധപ്പെട്ട രേഖകളും, അസസ്മെന്റ് രജിസ്റ്ററും, പരിശോ കണ്ടെത്തിയ അപാകതകൾ താഴെ ചേർക്കുന്നു.ആയതിന് വിശദീകരണമാവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണത്തിന് (26/19.10.2022) മറുപടി ലഭ്യമാക്കിയില്ല.

## 1-14 നിയമവിരുദ്ധമായി സെക്യൂരിറ്റി ഡെപ്പോസിറ്റ് നല്കി

ഗ്രാമ പഞ്ചായത്തിന്റെ സ്ട്രീറ്റ് ലൈറ്റ് വൈദ്യുതിച്ചാർജ്ജിനത്തിൽ 01.03.2022 ൽ ല 1156013000176 നമ്പർ പ്രകാരമുള്ള ബിൽ പരിശോധിച്ചതിന്റെ അടിസ്ഥ ഗ്രാമപഞ്ചായത്തിൽ നിന്ന് സെക്യൂരിറ്റി ഡെപ്പോസിറ്റിനത്തിൽ 1,33,564/-രൂപ ന കേരള സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ 2014 ൽ പുറപ്പെടുവിച്ച കേരള ഇ സപ്ലൈക്കോഡിന്റെ 67(6) വകുപ്പ് പ്രകാരം ദ്വൈമാസ ബില്ലിംങ് ഉള്ള ഉപഭോക്താ മാസത്തെ വൈദ്യുതി ചാർജിന് തുല്യമായ തുകയും പ്രതിമാസ ബില്ലിംങ് ഉള്ള ഉപഭോ രണ്ടു മാസത്തെ വൈദ്യുതിചാർജിന് തുല്യമായ തുകയും സെക്യൂരിറ്റി ഡെപ്പോസിറ്റായി ന വ്യവസ്ഥ ചെയ്യുന്നുണ്ട്. ആയത് പ്രകാരം കേരള സംസ്ഥാന വൈദ്യുതി ബോർഡ് പഞ്ച നിന്നും സെക്യൂരിറ്റി ഡെപ്പോസിറ്റ് തുകയിനത്തിൽ 133564 /- രൂപ ഈടാക്കിയിട്ടുണ്ട്. 2014 ൽ പുറപ്പെടുവിച്ച കേരള ഇലക്ട്രിസിറ്റി സപ്ലൈക്കോഡിന്റെ വകുപ്പ് 102(3)ന് വിരു കേരള സംസ്ഥാന വൈദ്യുതി ബോർഡ് പഞ്ചായത്തിൽ നിന്നും ഡെപ്പോസിറ്റ് ഈടാക്കി തെരുവ് വിളക്കുകൾ പൊതു ആവശ്യങ്ങൾക്ക് ഉള്ളതാകയാൽ സെക്യൂരിറ്റി ഡെ വാങ്ങേണ്ടതില്ലയെന്ന് അനുശാസിക്കുന്നുണ്ട്. കൂടാതെ കേരള ഇലക്ട്രിസിറ്റി സപ്ലൈക 72ാം വകുപ്പ് പ്രകാരം ഡെപ്പോസിറ്റായി നല്കുന്ന തുകയ്ക്ക് നിലവിലുള്ള ബാങ്ക് അർഹതയുണ്ട്. മേൽ പരാമർശിച്ചിട്ടുള്ള വകുപ്പ് പ്രകാരം സെക്യൂരിറ്റി ഡെപ്പോസിറ്റാ 133564/- രൂപ പലിശയടക്കം തിരികെ ലഭിച്ചിട്ടുണ്ടോയെന്ന ഓഡിറ്റ് അന്വേഷണ ലഭ്യമാക്കിയ മറുപടിയിൽ മേൽ സൂചിപ്പിച്ച തുക നിയമവിരുദ്ധമായാണ് നല്കിയിട്ടുള ആയത് തിരികെ ഈടാക്കുന്നതിനുള്ള നടപടി പഞ്ചായത്ത് സ്വീകരിക്കുമെന്ന് ആയതിനാൽ പ്രസ്തുത തുക കേരള സംസ്ഥാന വൈദ്യുതി വകുപ്പിൽ നിന്നും ഈടാക്കി പ ഫണ്ടിൽ അടവാക്കിയിട്ടുണ്ടെങ്കിൽ പരിശോധിച്ച് അറിയിക്കേണ്ടതാണെന്നാവശ്യപ്പെട്ട 15.10.2022 ൽ നല്കിയ 10 ാം നമ്പർ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് മറുപടി ലഭ്യമ കോതമംഗലം ഇലക്ട്രിസിറ്റി ബോർഡിൽ നിന്ന് സെക്യൂരിറ്റി ഡെപ്പോസിറ്റ് ഇനത്തിൽ ന അടിയന്തരമായി ഈടാക്കി തനത് ഫണ്ടിൽ അടവാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-15 അനർഹമായി ജി.എസ്.ടി അനുവദിച്ചു

| | |
|---|---|
| പ്രോജക്ട് നം., പേര് | എസ് 008/21-22, അങ്കണവാടി അനുപൂരക പോഷകാഹാരം |
| അടങ്കൽ, ഫണ്ട്, ചെലവ് | 1) 941427വികസന ഫണ്ട് (പൊതുവിഭാഗം) (ചെലവ്) 941427<br>2) 2805703 കേന്ദ്രഫണ്ട് (ചെലവ്) 2676917<br>3) 795688തനത് ഫണ്ട്.(ചെലവ്) 729964<br>ആകെ അടങ്കൽ 4542818<br>ആകെ ചെലവ് 4348308 |
| ബിൽ നം.,തീയതി | ബിൽ നം 2112085209830029373 തീ.11.08.2021 തുക 597020<br>ബിൽ നം.,2112085209830065831 8 തീ.14.11.2021 തുക 344407<br>ചെക്ക് നം.4010609തീ 16.07.2021 തുക 1068838 (കേന്ദ്ര ഫണ്ട്)<br>ചെക്ക് നം.4010619തീ. 12.08.2021 തുക 177274 (കേന്ദ്ര ഫണ്ട്)<br>ചെക്ക് നം.3321812തീ 17.11.2021 തുക 297600 (കേന്ദ്ര ഫണ്ട്)<br>ചെക്ക് നം.3259865തീ 17.01.2022 തുക319398 (കേന്ദ്ര ഫണ്ട്)<br>ചെക്ക് നം.0101013695തീ 27.03.2022 തുക397890 (കേന്ദ്ര ഫണ്ട്)<br>ചെക്ക് നം.0101013700തീ 30.03.2022 തുക44490കേന്ദ്ര ഫണ്ട്)<br>ചെക്ക് നം.0101013869തീ 30.03.2022 തുക371427 (കേന്ദ്ര ഫണ്ട്)<br>ചെക്ക് നം.0101013700തീ 30.03.2022 തുക171391(ഓൺ ഫണ്ട്)<br>ചെക്ക് നം.3259865തീ 17.01.2022 തുക223436 (ഓൺ ഫണ്ട്)<br>ചെക്ക് നം.3321813തീ 17.01.2022 തുക335137 (ഓൺ ഫണ്ട്) |
| നിർവ്വഹണോദ്യോഗസ്ഥൻ | ഐ.സി.ഡി.എസ് സൂപ്പർവൈസർ |

മേൽ പരാമർശിച്ചിട്ടുള്ള പ്രോജക്ട് പ്രകാരം ഗ്രാമപഞ്ചായത്തിലെ അംഗനവാടികളിൽ വർഷത്തെ അനുപൂരക പോഷകാഹാര പദ്ധതിയുടെ ഭാഗമായി അമൃതം ന്യൂട്രിമിക്സ് ചെയ്തത് വെങ്ങോല AAA കോമൺ ഫെസിലിറ്റി സെന്റർ യൂണിറ്റാണ്. കേന്ദ്ര മന്ത്രാലയത്തിന്റെ ചരക്ക് സേവന നികുതിയുമായി ബന്ധപ്പെട്ട 28.6.2017ലെ നോട്ടിഫിക്കേ 12/2017- Central Tax (Rate)ലെ ക്രമ നം. 66 ക്ലോസ് (B) (Ii) പ്രകാരം കേന്ദ്ര, സർക്കാരുകളുടെ സാമ്പത്തിക സഹായത്തോടെ സ്കൂളുകളിലും അംഗൻവാടികളിലും ചെയ്യുന്ന ഭക്ഷണസാധനങ്ങൾക്ക് ജി.എസ്.ടി പൂർണ്ണമായും ഒഴിവാക്കിയിട്ടുണ്ട്. കേന്ദ്ര മന്ത്രാലയത്തിന്റെ 17.6.2021ലെ 149/05/2021 നമ്പർ സർക്കുലറിൽ സർക്കാർ സഹായത്തോ സംഭാവനകൾ വഴിയായോ ഉള്ള, അംഗൻവാടികൾ ഉൾപ്പടെയുള്ള എല്ലാ വി സ്ഥാപനങ്ങളിലെയും ഭക്ഷണവിതരണ പരിപാടികൾക്ക് ജി.എസ്.ടി ബാധകമല്ല എ സ്പഷ്ടീകരിച്ചിട്ടുണ്ട്. എന്നാൽ കവളങ്ങാട് ഗ്രാമപഞ്ചായത്തിൽ നടപ്പിലാക്കിയ പ

വിതരണം ചെയ്ത അമൃതം ന്യൂട്രിമിക്സിന്റെ ബില്ല് പരിശോധിച്ചതിൽ, അമൃതം ന്യൂ
വിലയോടൊപ്പം ജി.എസ്.ടി ചുമത്തിയതായി കാണുന്നു. വിശദവിവരം താഴെകൊടുക്കുന്നു

| ക്രമ നം | ന്യൂട്രിമിക്സിന്റെ ബിൽ നം. | ബിൽ തുക | ചുമത്തിയ ജി.എസ്.ടി |
|---|---|---|---|
| 1 | 360/16.04.2021 | 109360 | 5200 |
| 2 | 384/16.06.2021 | 134064 | 6384 |
| 3 | 406/ 26.07.2021 | 135608 | 6450 |
| 4 | 422/16.08.2021 | 149940 | 7140 |
| 5 | 460/13.10.2021 | 139356 | 6636 |
| 6 | 482/15.11.2021 | 127228 | 6058 |
| 7 | 536/14.01.2022 | 124140 | 7910 |
| 8 | 506/17.12.2021 | 144428 | 6878 |
| | **ആകെ** | | 52656 |

1) അങ്കണവാടി ഭക്ഷണവിതരണത്തിന് ബാധകമല്ലാത്ത ജി.എസ്.ടി. കൂടി ഉൾപ്പെട്ട തുക സ്ഥാപനത്തിന് നൽകിയത് മൂലം പഞ്ചായത്ത് ഫണ്ടിൽ നിന്നും അധികച്ചെലവുണ കേന്ദ്രധനകാര്യ മന്ത്രാലയത്തിന്റെ 17.6.2021ലെ 149/05/2021നമ്പർ സർക്കുലറിൽ അ പോഷകാഹാര വിതരണത്തെ 28/06/2017 ലെ ജി.എസ്.ടി നോട്ടിഫിക്കേഷൻ പ്രകാ ജി.എസ്.ടി. യിൽ നിന്നും ഒഴിവാക്കിയിട്ടുള്ളതായി അറിയിച്ചിട്ടുള്ളതിനാൽ മേൽ അധികച്ചെലവ് വരുത്തിയതിന് വിശദീകരണം നൽകേണ്ടതാണെന്നാവശ്യപ്പെട്ട് 19.10.2022 ൽ നല്കിയ 24ാം നമ്പർ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് ലഭ്യമാക്കിയ മ അങ്കണവാടി വഴി നല്കുന്ന ഉച്ച ഭക്ഷണത്തിന് ജി.എസ്.ടി ഒഴിവാക്കിയിട്ടുള്ളതാണെന്നും ന്യൂട്രിമിക്സിന് 5% ജി.എസ്.ടി ഉൾപ്പെടേയാണ് 73.50 രൂപ ഈടാക്കുന്നതെന്നും, ആ ന്യൂട്രിമിക്സിന് ജി.എസ്.ടി ഒഴിവാക്കിയത് സംബന്ധിച്ച് കേന്ദ്രസർക്കാരിൽ നിന്ന് സ്പഷ്ടീകരണം ആവശ്യമാണെന്ന വനിത ശിശു വികസന ഡയറക്ടറുടെ കത്ത് ഹ അങ്കണവാടി പോഷകാഹാര വിതരണത്തെ ജി.എസ്.ടിയിൽ നിന്ന് ഒഴിവാക്കി കേന്ദ്ര നോട്ടിഫിക്കേഷൻ പുറപ്പെടുവിച്ചിട്ടുള്ളതിനാൽ അധികമായി നല്കിയിട്ടുള്ള ജ ഈടാക്കുവാനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

2) ഗ്രാമപഞ്ചായത്ത് ഓഡിറ്റിനായി ലഭ്യമാക്കിയ സുലേഖ സ്റ്റേറ്റ്മെന്റ് ഈ പ്ര ചെലവായി 4348308/- രൂപയാണ് കാണിച്ചിട്ടുള്ളത്. എന്നാൽ കേന്ദ്ര ഫണ്ട് ചെലവ 17.01.2022 ൽ 3259865 നമ്പർ ചെക്ക് പ്രകാരം 128786/- രൂപ ചെലവ് വന്നിട്ടുണ്ട് പ്രകാരം സുലേഖ സ്റ്റേറ്റ്മെന്റിൽ ആകെച്ചെലവായി 4477094/-രൂപ വരേണ്ടതാണ്. ആയത് സുലേഖ സ്റ്റേറ്റ്മെന്റിൽ വന്നിട്ടില്ല. അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാ

## 1-16 വക്കീൽ ഫീസ്- ആദായ നികുതി ഈടാക്കിയില്ല.

ഗ്രാമ പഞ്ചായത്തിന്റെ പരിധിയിൽ വരുന്ന വ്യവഹാരങ്ങൾ കൈകാര്യം ചെയ്യുന്ന അഡ്വ രംഗീത് കുമാർ, അഡ്വക്കേറ്റ് ശ്രീ എൽദോസ് ജോൺ 2021-22 സാമ്പത്തിക താഴെച്ചേർക്കുംവിധം ഫീസ് നല്കിയിട്ടുണ്ട്.

| ക്രമനം | കേസ് | തുക | ചെക്ക് | തീയതി | ഈടാക്കേണ്ട നികുതി (10%) |
|---|---|---|---|---|---|
| 1 | RP 40/21 | 30000 | 748004 | 27.02.2022 | 3000 |
| 2 | 161/2021ട്രിബ്യൂണൽ കേസ്. | 15000 | 0101013699 | 13.02.2021 | 1500 |
| | ആകെ | 45000 | | | 4500 |

വരുമാന നികുതി വകുപ്പിന്റെ 194 (J) ആക്ട് പ്രകാരം പ്രൊഫഷണൽ പ്രവൃത്തികളിൽ ഏ
വ്യക്തികളിൽ നിന്നും അവർക്ക് നല്കുന്ന ഫീസിൽ നിന്ന് 10% തുക വരുമാന നിക
ഈടാക്കാമെന്ന് നിർദ്ദേശിക്കുന്നു. എന്നാൽ ഫയൽ പരിശോധിച്ചതിൽ നിന്നും അഡ്വ
രംഗീത് കുമാർ, അഡ്വക്കേറ്റ് ശ്രീ എൽദോസ് ജോൺ എന്നിവരിൽ നിന്നും 45
ഈടാക്കിയതായി കാണുന്നില്ല. വിശദീകരണം നല്കേണ്ടതാണ് എന്നാവശ്യപ്പെട്ട് 15.
നല്കിയ 13ാം ഓഡിറ്റ് അന്വേഷണക്കുറിപ്പിന് മറുപടി ലഭ്യമാക്കിയില്ല.
അഡ്വക്കേറ്റുകളിൽ നിന്ന് ആദായ നികുതി അടവാക്കുന്നതിനുള്ള തുടർ ന
സ്വീകരിക്കേണ്ടതും ആയതിന്റെ അടവാക്കിയ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ

## 1-17 വെള്ളക്കരകുടിശ്ശിക വർദ്ധിക്കുന്നു.

ഗ്രാമപഞ്ചായത്തിൽ സാമ്പത്തിക വർഷത്തിന്റെ തുടക്കത്തിൽ 101 പൊതു
വർഷാവസാനത്തിൽ 92 പൊതുടാപ്പുകളുമാണുള്ളത്. കേരള വാട്ടർ അതോരിറ്റി എ
എഞ്ചിനീയർ, മൂവാറ്റുപുഴ ലഭ്യമാക്കിയ 15.04.2021ലെ 51150 നമ്പർ ബിൽ പ്രകാരം
രൂപയാണ് വെള്ളക്കരമിനത്തിൽ ഗ്രാമ പഞ്ചായത്ത് അടവാക്കിയത്. തൻ
വെള്ളക്കരമിനത്തിൽ വാട്ടർ അതോരിറ്റി ലഭ്യമാക്കിയ എല്ലാ ബിൽ തുകയും പ
അടവാക്കിയിട്ടുണ്ട്. എന്നാൽ സാമ്പത്തിക വർഷത്തിന്റെ തുടക്കത്തിൽ ഗ്രാമപ
വെള്ളക്കരക്കുടിശ്ശികയിനത്തിൽ 212710/- രൂപ അടവാക്കുവാനുണ്ടായിരുന്നു. ആയത് പ്ര
2% ഫൈൻ ഉൾപ്പെടെ വർദ്ധിച്ച് 05.03.2022 ലെ 61009 നമ്പർ ബിൽ പ്രകാരം
രൂപയായിട്ടുണ്ട്. ഒരു സാമ്പത്തിക വർഷത്തെ 24% ഫൈൻ വർദ്ധന 92959 രൂപയാ
ഭാവിയിൽ പഞ്ചായത്തിന് വൻ ബാദ്ധ്യതയായി മാറുവാൻ സാധ്യതയുള്ളതിനാൽ പ്രസ്തുത
തീർപ്പാക്കുന്നതിന് പഞ്ചായത്ത് സ്വീകരിച്ചിട്ടുള്ള നടപടികൾ ലഭ്യമാക്കേണ്ടതാണെന്നാ
കൊണ്ട് 15.10.2022 ൽ നല്കിയ 11ാം നമ്പർ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് നിലവിലുള്ള
കൃത്യമായി അടവാക്കുന്നുണ്ടെന്നും, കുടിശ്ശിക തുക വന്നിട്ടുള്ളത് പരിശോധിച്ച് അടവാക്ക
നടപടി സ്വീകരിക്കാമെന്നുമാണ് മറുപടി ലഭ്യമാക്കിയത്. ആയതിനാൽ അടിയന്തരമ
അടവാക്കി ബാദ്ധ്യത ഒഴിവാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്. ഗ്രാമ പ
വെള്ളക്കരം അടവാക്കിയിട്ടും ആയത് വാട്ടർ അതോരിറ്റി അവരുടെ കണക്കിൽ വരവ്
ഫൈൻ ഉൾപ്പെടെയുള്ള ബില്ലാണ് തരുന്നതെങ്കിൽ എത്രയും വേഗം ആയതിന്റെ കാര
അതോരിറ്റിയിൽ അന്വേഷിച്ച് കണക്കുകൾ ക്രമീകരിക്കേണ്ടതാണ്.

## 1-18 ഹോമിയോ മരുന്നുകൾ ലഭ്യമായിട്ടില്ല

| | |
|---|---|
| പ്രോജക്ട് | ഹോമിയോ ആശുപത്രിക്ക് മരുന്ന്,കുപ്പി,കവർ എന്നിവ വാങ്ങൽ |
| പ്രോജക്ട് നം. | 91/21-22 |
| അടങ്കൽ | 3,00,000/- (Non Road) |
| ചെലവ് | 3,00,000/- |
| ബിൽ നം. | 21120800000023563/08.03.2022 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, ഗവൺമെന്റ് ഹോമിയോ ഡിസ്പെൻസറി, കവളങ്ങാട് |

ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ പദ്ധതി പ്രകാരം കേരള സ്റ്റേറ്റ് ഹോമിയോ കോ-ഓപ്പറേറ്റീവ് ഫാർമസി ലിമിറ്റഡ്, ആലപ്പുഴ എന്ന സ്ഥാപനത്തിന് 08.03.2022 ന് 3 രൂപ നല്കിയിട്ടുണ്ട്, എന്നാൽ മരുന്നുകൾ നാളിതുവരെ ലഭ്യമായിട്ടില്ല. ആയത് ലഭ്യമാക ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. ആയതു വരെ 3,00,000/- രൂപ ഓഡിറ്റിൽ തടസ്സപ്പെട്ട

## 1-19 ബിൽഡിംഗ് പെർമിറ്റ് നൽകിയതിലെ അപാകതകൾ

2019 ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ പ്രകാരം കെട്ടിടം നിർമ്മി വ്യതിയാനം വരുത്തുകയോ ചെയ്യുന്ന ഏതൊരാളും അപ്പന്റിക്സ് A1 ഫോറത്തിൽ ര രേഖകളോടൊപ്പം കെട്ടിട നിർമ്മാണ പെർമിറ്റിനുള്ള അപേക്ഷ സെക്രട്ടറിയ്ക്ക് നൽകേണ്ട

ചട്ടം 5(4) പ്രകാരം ഗ്രൂപ്പ് A1, A2, F ഒക്യുപൻസിയിൽപ്പെട്ട നിർമ്മിതി വി ച.മീറ്ററിൽ കൂടുതലും 1000 ച.മീറ്ററിൽ കുറവുമുള്ള എല്ലാ കെട്ടിടങ്ങൾക്കും നാഷണൽ ബ കോഡ് ഓഫ് ഇന്ത്യ, 2016 ലെ പാർട്ട് 4 ഫയർ ആന്റ് ലൈഫ് സേഫ്റ്റിയിലെ ഭേദഗതികളിലേയും അഗ്നി സുരക്ഷാ മാനദണ്ഡങ്ങൾ കെട്ടിട നിർമ്മാണത്തിൽ പാലിച്ച പ്ലാൻ തയ്യാറാക്കിയ എഞ്ചിനീയറുടെ സാക്ഷ്യപത്രം സഹിതം അപ്പന്റിക്സ്-L ൽ അപേ നിന്നും സ്വയം സാക്ഷ്യപത്രവും, പ്രസ്തുത ഒക്യുപെൻസിയിൽ നിർമ്മിതി വിസ്തൃതി 1000 കൂടുതലാണെങ്കിൽ ഫയർ ആന്റ് റെസ്ക്യൂ സർവ്വീസസ് ഡയറക്ടറുടെയോ ചുമതലപ്പെടുത്തുന്ന ഉദ്യോഗസ്ഥന്റെയോ സമ്മതപത്രവും ലഭ്യമാക്കേണ്ടതാണ്. താഴെപ്പറയുന്ന കെട്ടിടങ്ങളുടെ ഉടമസ്ഥർ ഫയർ നിരാക്ഷേപ പത്രം, അപ്പന്റിക്സ്-L എന്നി ഹാജരാക്കാതെ തന്നെ പഞ്ചായത്ത് പ്രസ്തുത കെട്ടിടങ്ങൾക്ക് കെട്ടിട നിർമ്മാണ അനുവദിച്ചിട്ടുണ്ട്. വിശദ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ബിൽഡിംഗ് പെർമിറ്റ് നമ്പർ, തീയതി, | നിർമ്മിത വിസ്തൃതി, കെട്ടിടത്തിന്റെ ഉപയോഗ ക്രമം | പേര്, മേൽവിലാസം | ഹാജരാക്കാത്ത രേഖകൾ |
|---|---|---|---|---|
| 1 | K2-BA-267874/2021, 08.11.2021 | 1306.37 ച.മീറ്റർ, വാണിജ്യാവശ്യം | സെക്രട്ടറി, ഊന്നുകൽ സർവ്വീസ് സഹകരണ ബാങ്ക്, ഊന്നുകൽ പി.ഒ | ഫയർ ആന്റ് റെസ്ക്യൂ സർവ്വീസസ് വകുപ്പിൽ നിന്നുള്ള നിരാക്ഷേപ പത്രം |
| 2 | K2-BA-189217/2021, 07.09.2021 | 544.96 ച.മീറ്റർ, പാർപ്പിടാവശ്യം | റോയിമോൻ പി.യു, വലിയകരോട്ട്, ആവോലിച്ചാൽ, നേര്യമംഗലം പി.ഒ | അപ്പന്റിക്സ്-L ൽ അപേക്ഷകനിൽ നിന്നുള്ള സ്വയം സാക്ഷ്യപത്രം |
| 3 | K2-BA-221496/2021, 30.09.2021 | 438.94 ച.മീറ്റർ, പാർപ്പിടാവശ്യം | മനോജ് പൌലോസ്, കൊല്ലറയ്ക്കൽ, ഊന്നുകൽ പി.ഒ | ” |

| | | | | |
|---|---|---|---|---|
| 4 | K2-BA-158254/2021, 28.07.2021 | 399 ച.മീറ്റർ, പാർപ്പിടാവശ്യം | സുനിൽ സിറിയക്, പൂനാട്ട്, നെല്ലിമറ്റം പി.ഒ | " |
| 5 | K2-BA-331985/2021, 29.12.2021 | 386.95ച.മീറ്റർ, പാർപ്പിടാവശ്യം | ഇസ്മയിൽ, മാനിക്കൽ, നെല്ലിമറ്റം പി.ഒ | " |
| 6 | K2-BA-321166/2021, 18.12.2021 | 472.26 ച.മീറ്റർ, സ്പെഷ്യൽ റെസിഡൻഷ്യൽ | പൌലി ജോർജ്ജ്, പാലത്തുങ്കൽ, മണിമരുതുംചാൽ, നേര്യമംഗലം പി.ഒ | " |

മുകളിൽ സൂചിപ്പിച്ച പ്രസ്തുത കെട്ടിടങ്ങൾക്ക് അനുബന്ധ രേഖകൾ ഹാജരാക്കാതെ ബ പെർമിറ്റ് അനുവദിച്ചതിന് വിശദീകരണം ലഭ്യമാക്കുന്നതിനായി 21.10.2022 ൽ നൽകി എൻക്വയറി നം. 38 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. പ്രസ്തുത കെട്ടിട ഉടമകളിൽ നിന്ന് രേഖകൾ ലഭ്യമാക്കുന്നതിനായി തുടർ നടപടികൾ സ്വീകരിച്ച് വിവരം ലഭ്യമാക്കേണ്ടതാണ്.

## 1-20 ലൈഫ് ഭവന പദ്ധതി - ഭവനനിർമ്മാണം പൂർത്തീകരിച്ചിട്ടില്ല.

1) ലൈഫ് ഭവന പദ്ധതി - എസ് സി പി

ഗ്രാമപഞ്ചായത്ത് ലൈഫ് ഭവന പദ്ധതി രജിസ്റ്റർ പ്രകാരം ലൈഫ് ഭവന പദ്ധതിയുടെ തുകകൾ വാങ്ങിയ ചില ഗുണഭോക്താക്കൾ തുടർ നിർമ്മാണ പ്രവർ നടത്തിയിട്ടില്ലാത്തതായി കാണുന്നു. വിശദ വിവരം താഴെ ചേർക്കുന്നു.

ഗുണഭോക്താക്കൾക്ക് തുക നൽകിയതിന്റെ വിശദ വിവരം താഴെ ചേർക്കുന്നു.

| ക്രമ നം | ഗുണഭോക്താവിന്റെ പേര് | ബാങ്ക്/ അക്കൗണ്ട് നം | നൽകിയ തുക | ഓൺലൈൻ ട്രാൻസ്ഫർ തീയതി |
|---|---|---|---|---|
| 1 | സ്മൃതി ശിവൻ, പുലിമലയിൽ വീട്, നെല്ലിമറ്റം പി ഒ | 35158859598, എസ് ബി ഐ, നെല്ലിമറ്റം | 40000 | 8.10.2021 |

| | | | | |
|---|---|---|---|---|
| 2 | വിപിൻ കെ റ്റി, കളപ്പുറം വീട്, നേര്യമംഗലം പി ഒ | 42490201001 2965,യൂണിയൻ ബാങ്ക്, നേര്യമംഗലം | 40000 | 8.10.2021 |
| 3 | ബിജി സി എ, ചളക്കാട്ടിൽ വീട്, തേൻകോട് | 32390654245,എസ് ബി ഐ,നേര്യമംഗലം | 40000 | 8.10.2021 |
| 4 | അനി പി കെ, പുലിമലയിൽ,നെല്ലിമറ്റം പി ഒ | 70615140414, എസ് ബി ഐ, നെല്ലിമറ്റം | 40000 | 8.10.2021 |
| 5 | പി കെ ശശി, പാലക്കോട്, തലക്കോട് പി ഒ | 20293345587,യൂണിയൻ ബാങ്ക്, നേര്യമംഗലം | 40000 | 31.12.2021 |
| 6 | സന്ധ്യ സജിഷ്, മനക്കക്കുടി വീട്, നേര്യമംഗലം | 34755898922,എസ് ബി ഐ,നേര്യമംഗലം | 40000 | 31.12.2021 |
| 7 | അഖിൽ റ്റി ശിവൻ, തുരുത്തേൽ വീട്, തലക്കോട് പി ഒ | 8111849857,ഫെഡറൽ ബാങ്ക് | 40000 | 31.12.2021 |
| 8 | അഭിലാഷ് കുമാർ എം വി, മുരമ്പേൽ കിഴക്കേതിൽ, നേര്യമംഗലം പി ഒ | 34755898922,എസ് ബി ഐ,നേര്യമംഗലം | 40000 | 31.12.2021 |
| 9 | രമേശ് റ്റി കെ, തൊട്ടാരത്തുകുടി, നെല്ലിമറ്റം പി ഒ | 38635062691, എസ് ബി ഐ, നെല്ലിമറ്റം | 40000 | 31.12.2021 |
| 10 | ജിതിൻ കുമാർ, ചക്കാലക്കൽ, ആവോലിച്ചാൽ | 3570867700,എസ് ബി ഐ,നേര്യമംഗലം | 40000 | 31.12.2021 |
| 11 | ഓമന തങ്കപ്പൻ, കൊട്ടുവേലിക്കുന്നേൽ വീട്,പെരുമണ്ണൂർ | 40547101025167,കേരള ഗ്രാമീൺ ബാങ്ക് | 40000 | 4.1.2022 |
| 12 | രജിത രവി,വാളാടിയിൽ, ആവോലിച്ചാൽ | 42490201001 4527,യൂണിയൻ ബാങ്ക്, നേര്യമംഗലം | 40000 | 4.1.2022 |
| | | | | |

| | | | | |
|---|---|---|---|---|
| 13 | ശ്രീകല സിനോജ്, പാറക്കൽ, ഊന്നുകൽ | 0136053000042466 | 40000 | 8.3.2022 |
| 14 | ശ്രുതി എ വി, പാറവിളാകം, നെല്ലിമറ്റം | 395319565117,ഫെഡറൽ ബാങ്ക് ,മൂവാറ്റുപുഴ | 40000 | 8.3.2022 |

മേൽ പറഞ്ഞ വ്യക്തികളുമായി കരാർ ഒപ്പ് വച്ചതിന്റേയും കൂടാതെ ആദ്യ ഗഡു തുകകൾ വ നിർമ്മാണം പൂർത്തിയാക്കാത്തതിൻമേൽ സ്വീകരിച്ച നടപടികളുടേയും വ ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി ( നം 15/18/10/2022) നൽകി. ( നൽകിയ മറുപടിയിൽ തുടർനടപടികൾ സ്വീകരിച്ചു വരുന്നതായി അറിയിച്ചു.

2) ലൈഫ് ഭവന പദ്ധതി - ജനറൽ

ലൈഫ് ഭവന പദ്ധതി (ജനറൽ) രജിസ്റ്റർ പ്രകാരം ആദ്യ ഗഡു തുകകൾ വാങ്ങ ഗുണഭോക്താക്കൾ തുടർ നിർമ്മാണ പ്രവർത്തനങ്ങൾ നടത്തിയിട്ടില്ലാത്തതായി ഗുണഭോക്താക്കൾക്ക് തുക നൽകിയതിന്റെ വിശദ വിവരം താഴെ ചേർക്കുന്നു.

| ക്രമ നം | ഗുണഭോക്താവിന്റെ പേര് | ബാങ്ക്/ അക്കൗണ്ട് നം | നൽകിയ തുക | ഓൺലൈൻ ട്രാൻസ്ഫർ തീയതി |
|---|---|---|---|---|
| 1 | ശിവൻ എൻ കെ, മുള്ളൻകൊടി, നെല്ലിക്കുഴി, ഇളമ്പ്ര | 67302460720, എസ് ബി ഐ, കോതമംഗലം | 40000 | 28.02.2020 |
| 2 | ഷൈജു വിൽസൺ, പുത്തൻപുരക്കൽ, തലക്കോട് | 17720100040397, ഫെഡറൽ ബാങ്ക് | 40000 | 16.07.2020 |
| | | | 160000 | 8.10.2020 |
| 3 | പ്രഭാകരൻ. പി എൻ, നിരപ്പേൽ,ഊന്നുകൽ. പി ഒ | 17720100026032, ഫെഡറൽ ബാങ്ക്, ഊന്നുകൽ | 40000 | 25.03.2021 |
| 4 | പി എ പൗലോസ്, പട്ടുവനാൽ, നേര്യമംഗലം | രജിസ്റ്ററിൽ രേഖപ്പെടുത്തലില്ല | 40000 | 6.10.2021 |
| 5 | ഗോമതി , വാഴയിൽ, നെല്ലിമറ്റം, കവളങ്ങാട് | രജിസ്റ്ററിൽ രേഖപ്പെടുത്തലില്ല | 40000 | 28.1.2022 |

മേൽ പറഞ്ഞ വ്യക്തികളുമായി കരാർ ഒപ്പ് വെച്ചതിന്റെ വിവരം ലഭ്യമാക്കിയില്ല. കൂടാ ഗഡു തുകകൾ വാങ്ങിയിട്ട് നിർമ്മാണം പൂർത്തിയാക്കാത്തതിൻമേൽ സ്വീകരിച്ച ന ലഭ്യമാക്കണമെന്നാവശ്യപ്പെട്ടെങ്കിലും ലഭ്യമാക്കിയില്ല.കൂടാതെ രജിസ്റ്ററിലെ പേജ് നം

തുക അനുവദിച്ചതായി രേഖപ്പെടുത്തിയിട്ട് വെട്ടി കളഞ്ഞിട്ടുള്ളതായി കാണുന്നു. കൂടാതെ 168,174,178 എന്നിവയിൽ തിരുത്തലുകൾ ഉള്ളതായും കാണുന്നു.

അപാകതകൾ സംഭവിച്ചതിനുള്ള കാരണങ്ങൾ വിശദമായി ലഭ്യമാക്കേണ്ടതു പരിഹരിക്കുന്നതിന് വേണ്ട തുടർ നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതുമാണ്.

## 1-21 ജി എസ് റ്റി - റ്റി ഡി എസ് കുറവ് ചെയ്തില്ല – 9588 രൂപ അധികം നൽകി.

ഗ്രാമ പഞ്ചായത്ത് നടപ്പാക്കിയ പ്രൊജക്റ്റിൽ നിയമാനുസൃതമുള്ള ജി എസ് റ്റി - റ്റി കിഴിവ് ചെയ്യാതിരുന്നതിനാൽ കരാറുകാരന് അധിക തുക അനുവദിച്ചതായി പ്രൊജക്റ്റിന്റെ വിശദ വിവരം താഴെ ചേർക്കുന്നു.

| | |
|---|---|
| പ്രൊജക്റ്റ് നം. | S0221/22 |
| പ്രൊജക്റ്റിന്റെ പേര് | കുടിവെള്ള വിതരണം |
| എസ്റ്റിമേറ്റ് തുക | 490000/- |
| ഫണ്ടിനം | ധനകാര്യ കമ്മീഷൻ അവാർഡ് |
| ചെലവ് | 479400/- |
| ട്രഷറി ബിൽ നം | 396/24/03/2022 |
| കരാറുകാരൻ | കെ ഗോപി |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |

ഗ്രാമ പഞ്ചായത്തിലെ കുടിവെള്ള വിതരണം നടത്തുന്നതിന് 22.02.2021 ലെ കെ 3 -3 ടെണ്ടർ നോട്ടീസിന്റെ അടിസ്ഥാനത്തിൽ കരാറുകാരനെ തിരഞ്ഞെടുക്കുകയും 18/03/20 നം കമ്മറ്റി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ അംഗീകരിക്കുകയും 08.03.2021 ൽ എ വെക്കുകയും ചെയ്തു.

2550 രൂപ നിരക്കിൽ 188 ലോഡ് കുടിവെള്ളം വിതരണം ചെയ്തതിന്റെ അടിസ്ഥാനത്ത് പറയും പ്രകാരം കരാറുകാരന് തുക നൽകി.

| | |
|---|---|
| സാംഖ്യ ബിൽ നം | 124/11.11.2021 |
| ആകെ തുക | 479400.00 |
| (-) ആദായ നികുതി റ്റി ഡി എസ് | 4794.00 |

| | |
|---|---|
| കരാറുകാരന് നൽകിയ തുക | 474606.00 |

ജി എസ് റ്റി നിയമവുമായി ബന്ധപ്പെട്ട നോട്ടിഫിക്കേഷൻ നം 50/2018 സെൻട്രൽ ടാക്സ് പ്രകാരം നികുതിക്ക് വിധേയമായ തുകകൾ കരാറുകാർക്ക് നൽകുമ്പോൾ തദ്ദേശ സ സ്ഥാപനങ്ങൾ ബിൽ തുകയിൽ നിന്ന് 2 % ജി എസ് റ്റി - റ്റി ഡി എസ് ഈടാക്ക പ്രകാരമുള്ള റ്റി ഡി എസ് ഇനത്തിൽ 9588 രൂപ ഈടാക്കാത്തത് സംബന്ധിച്ച് വിശ ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നൽകിയ നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( നം 1/14, മറുപടി ലഭ്യമാക്കിയില്ല. ചട്ടപ്രകാരമുള്ള തുടർ നടപടികൾ സ്വീകരിച്ച് വിവരം ഒ അറിയിക്കേണ്ടതാണ്.

## <u>1-22 അക്രഡിറ്റഡ് ഏജൻസികൾ - ടെണ്ടർ നടപടി സ്വീകരിക്കാതെ നിർവ്വഹണര തിരഞ്ഞെടുത്തു.</u>

അക്രഡിറ്റേഷൻ ഉത്തരവുകളിൽ എൻലിസ്റ്റ് ചെയ്തിട്ടുള്ള ഏജൻസികളിൽ നിന്നും മുഖേനയാണ് ഒരു ഏജൻസിയെ തിരഞ്ഞെടുക്കേണ്ടതെന്ന് താഴെ പറയുന്ന ഉത്തര സർക്കുലറുകൾ/നിർദ്ദേശങ്ങൾ എന്നിവയിൽ വ്യക്തമാക്കിയിട്ടുണ്ട്.

1.സ. ഉ ( പി ) 95/2017/ധന/25/07/2017

2.സ. ഉ ( സാധാ ) 1978/2020/തസ്വഭവ/21/10/2020

3. പഞ്ചായത്ത് ഡയറക്ടറുടെ 10/11/2020 ലെ PAN/13189/2020-J8(DP)

എന്നാൽ ഗ്രാമ പഞ്ചായത്ത് നടപ്പാക്കിയ പ്രൊജക്ടുകളിൽ മേൽ നിർദ്ദേശം പാലിക്കപ്പെട്ടി

പഠനോപകരണങ്ങൾ വിതരണം ചെയ്യുന്നതിനായി ഗ്രാമ പഞ്ചായത്ത് താഴെ പറയുന്ന നടപ്പാക്കിയിട്ടുണ്ട്.

സർക്കാർ അക്രഡിറ്റഡ് ഏജൻസിയായ ആർട്ട്കോയിൽ നിന്ന് നേരിട്ട് കസേരകളും വാങ്ങി നൽകുകയാണ് ചെയ്തിരിക്കുന്നത്. മത്സരാധിഷ്ഠിത ടെണ്ടറുകൾ അടിസ്ഥാനപ്പെ വാങ്ങൽ നടത്തിയിരിക്കുന്നത്.

| ക്രമ നം | പ്രൊജക്ട് നം. | ഏജൻസി |
|---|---|---|
| 1 | 108/2022, എസ് സി കുട്ടികൾക്ക് പഠനോപകരണം, 130000, ബിൽ നം 1354249/17.03.2022 | ആർട്കോ |

ഈ സർക്കാർ നിർദ്ദേശം പാലിക്കാത്തതിന്റെ കാരണം വ്യക്തമാക്കണമെന്നാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറിക്ക് (നം 17/17/10/2022) 19/10/2022 ൽ നൽകിയ കെ 2558/ മറുപടിയിൽ ഭരണസമിതി തീരുമാന പ്രകാരവും, ARTCO, CADCO, SIDCO എന്നീ അക്രഡിറ്റഡ് ഏജൻസികളിൽ നിന്ന് താൽപ്പര്യ പത്രങ്ങൾ ലഭിച്ചതിന്റെ അടിസ്ഥാനത

ARTCO യെ നിർവ്വഹണത്തിന് തിരഞ്ഞെടുത്തത് എന്നറിയിച്ചു. സർക്കാർ നിർദ്ദേശ ടെണ്ടർ നടപടികൾ സ്വീകരിക്കുകയാണെങ്കിൽ കൂടുതൽ മെച്ചപ്പെട്ട വാങ്ങലുകൾ/പ്ര ചെയ്യാൻ സാധിക്കും. സർക്കാർ നിർദ്ദേശാനുസരണമുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-23 ഖരമാലിന്യ സംസ്കരണ പ്രൊജക്ട് - രേഖകൾ പൂർണ്ണമല്ല - വിശദീകരണം ലഭ്യമാക്കണം

ഗ്രാമ പഞ്ചായത്ത് നടപ്പാക്കിയ ഖരമാലിന്യ നിർമ്മാർജ്ജന പ്രൊജക്ടിന്റെ ഫയലിൽ നിർവ്വഹണത്തിന്റെ കൃത്യത, മോണിറ്ററിംഗ് എന്നിവ വിലയിരുത്തുന്നതിനാവശ്യമായ ലഭ്യമല്ല.

| | |
|---|---|
| പ്രൊജക്ട് നം. | S0245/22 |
| പ്രൊജക്ടിന്റെ പേര് | ക്ലീൻ കവളങ്ങാട് |
| എസ്റ്റിമേറ്റ് തുക | 4,25,000/- |
| ഫണ്ടിനം | ധനകാര്യ കമ്മീഷൻ അവാർഡ് |
| അംഗീകാരം | 121/21-22/28.09.2021,ബി.ഡി.ഒ, കോതമംഗലം |
| ചെലവ് | 424107/- |
| ബിൽ നം | 1) 449/30/03/2022<br>2) 445/30/03/2022 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ |

പ്രൊജക്ടിന്റെ ഭാഗമായി രണ്ട് പ്രവൃത്തികളാണ് നടപ്പാക്കിയിട്ടുള്ളത്.

1. മാലിന്യം നീക്കം ചെയ്യുന്നതിന് ജെ സി ബി , ടിപ്പർ എന്നിവ വാടകക്ക് എടുക്കൽ

2. മാലിന്യം നിക്ഷേപിക്കരുത് എന്ന ബോർഡ് സ്ഥാപിക്കൽ

ആയതിൽ മാലിന്യം നീക്കം ചെയ്യുന്നതിന് ശ്രീ.ജെറിൻ റെജിയേയും ബോർഡ് സ്ഥാപിം ശ്രീ.ബേസിൽ ജോസഫിനേയും തിരഞ്ഞെടുക്കുകയും താഴെ പറയും പ്രകാരം തുക ന ചെയ്തിട്ടുണ്ട്.

| ക്രമ. നം | കരാറു കാരന്റെ പേര് | അക്കൗണ്ട് നം. | ബിൽ നം. | സാംഖ്യ ബിൽ നം. | തുക | റിമാർക്ക് |
|---|---|---|---|---|---|---|
| 1 | ജെറിൻ റെജി | 248301501491, ഐ.സി.ഐ.സി.ഐ ബാങ്ക് | 162/5.3.22 മുതൽ 029/26.02.22 വരെയുള്ള ബില്ലുകൾ | 449/30.03.22 | 281107.00 | ആകെ ലഭ്യമാക്ക 280857 ര ബില്ലുകൾ വിശദവിവ ക്രമ.നം. 7 ഉൾപ്പെടുത യിരിക്കുന്ന |
| 2 | ബേസിൽ ജോസഫ് | 424902010008858, യൂണിയൻ ബാങ്ക് | ഇല്ല | 445/30.03.22 | 143000.00 | ആകെ ലഭ്യമാക്ക |

| | | | | | | |
|---|---|---|---|---|---|---|
| | | ഓഫ് ഇൻഡ്യ | | | | 2900രൂപ ഇൻവോയ മാത്രം. വി വിവരം ക്ര (C) യിൽ ഉൾപ്പെടുത യിരിക്കുന്ന |

അപാകതകൾ സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി നം. 14/18/10/2022 നൽകി കെ.-2558/2022/22/10/2022 പ്രകാരം മറുപടി ലഭ്യമാക്കി. ആയത് കൂടി പരിഗ പരാമർശം തയ്യാറാക്കിയിട്ടുള്ളത്. പ്രൊജക്ട് നിർവ്വഹണത്തിലെ അപാകതകൾ താഴെ ചേ

മാലിന്യം നീക്കം ചെയ്തതിന് ജെ.സി.ബി, ടിപ്പർ എന്നിവയുടെ വാടക ഇനത്തിൽ 28110 ബോർഡ് സ്ഥാപിക്കലിന് 1,43,000/- രൂപയുമാണ് ചെലവ്. ഗ്രാമ പഞ്ചായത്തുകൾ സാ സേവനങ്ങളും സമാഹരിക്കുന്നതിന് നിദാനമായ ജി.ഒ(പി)259/2010/എൽ.എസ്.ജി.ഡി പ്രകാരം 1 ലക്ഷം രൂപയ്ക്ക് മുകളിൽ ചെലവ് വരുന്ന വാങ്ങലുകൾക്കും സേവനങ്ങൾക്കും ടെണ്ടർ ക്ഷണിക്കണം. അതിലേക്ക് മാർക്കറ്റ് സ്റ്റഡി നടത്തുകയും ഉത്തരവ് പ്രകാരമു നടപടികൾ സ്വീകരിച്ച് കരാറുകാരനെ തിരഞ്ഞെടുക്കുകയും വേണം. എന്നാൽ അ നടപടികൾ സ്വീകരിക്കാതെ 3 പേപ്പറുകളിൽ ക്വട്ടേഷനുകൾ എഴുതി വാങ ചെയ്തിരിക്കുന്നത്. സർക്കാർ ഉത്തരവ് പാലിക്കാത്തതിന് വിശ ലഭ്യമാക്കണമെന്നാവശ്യപ്പെട്ടതിന് മറുപടി ലഭ്യമാക്കിയില്ല.

2. കരാറുകാരെ തിരഞ്ഞെടുത്ത ഗ്രാമപഞ്ചായത്ത് കമ്മിറ്റി തീരുമാനം ഫയലിൽ സൂക്ഷിച്ചി

3. മാലിന്യം നീക്കം ചെയ്തത് സംബന്ധിച്ച താഴെ പറയുന്ന വിവരങ്ങൽ ഫയലിലോ, രേഖപ്പെടുത്തിയിട്ടില്ല.

A. മാലിന്യം നീക്കം ചെയ്ത വാർഡിന്റെ വിവരം

B. നീക്കം ചെയ്ത മാലിന്യത്തിന്റെ അളവ്

4. ബോർഡ് സ്ഥാപിച്ചതിന്റെ ഇൻസ്റ്റലേഷൻ റിപ്പോർട്ട് ഫയലിൽ സൂക്ഷിച്ചിട്ടില്ല.

5. പ്രൊജക്ടിന്റെ മോണിറ്ററിംഗ് റിപ്പോർട്ട്. മെമ്പർമാരുടെ സാക്ഷ്യപത്രം എന്നിവ സൂക്ഷിച്ചിട്ടില്ല.

6. കരാറുകാരുമായി എഗ്രിമെന്റ് ഒപ്പ് വെച്ചതിന്റെ രേഖകൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല.

7. ശരിയായ ബില്ലുകൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല.

A. ഫയലിൽ സൂക്ഷിച്ചിട്ടുള്ള ബില്ലുകളിൽ പൂർണ്ണമായ രേഖപ്പെടുത്തലുകളില്ല. മാലിന്യ ചെയ്ത് വാഹനങ്ങളുടെ നമ്പർ പല ഫയലിലും രേഖപ്പെടുത്തിയിട്ടില്ല.

B. സൂക്ഷിച്ചുള്ള ബില്ലുകൾ ജി.എസ്.ടി ബില്ലുകൾ അല്ല.

